(ബി) ഉപഭോക്താക്കൾ മാസംതോറും പ്രൊവിഷണൽ ഇൻവോയ്സ് നിരക്കിൽ വെള്ളക്കരം ഒടുക്കേണ്ടതാണ്. പ്രൊവിഷണൽ ഇൻവോയ്സ്, കണക്ഷൻ നൽകുമ്പോൾ കൊടുക്കുകയും ആവശ്യമാകുമ്പോൾ കാർഡ് പുതുക്കുകയും ചെയ്യുന്നുണ്ട്. ഉപയോഗിക്കുന്ന കുടിവെള്ളത്തിന്റെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ക്രമീകരണ ബില്ലുകളും നൽകിവരുന്നു. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ദൈമാസബില്ലിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് ഘട്ടംഘട്ടമായി മറ്റു സ്ഥലങ്ങളിലും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇല്ല.

വൈദ്യുതി ചാർജ് അടയ്ക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ

80 (2358) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കുടിവെള്ള പദ്ധതികൾ വൈദ്യുതി ചാർജ് അടയ്ക്കാത്തതുമൂലം മുടങ്ങിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) വൈദ്യുതി ചാർജ് അടയ്ക്കാൻ പഞ്ചായത്തിന്റെ തനതു ഫണ്ട് ഉപയോഗിക്കുന്നതിന് എന്തെങ്കിലും വിലക്ക് നിലവിലുണ്ടോ ?

ഉത്തരം

(എ) വൈദ്യുതി ചാർജ് അടയ്ക്കാത്തതുമൂലം കേരള സംസ്ഥാനത്ത് വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ ഒന്നുംതന്നെ മുടങ്ങി കിടക്കുന്നില്ല.

(ബി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വൈദ്യുതി ചാർജ് അതോറിറ്റിയുടെ ഫണ്ടിൽ നിന്നുമാണ് വൈദ്യുതി ബോർഡിന് അടയ്ക്കുന്നത്. ഇതിന് സർക്കാർ വിലക്ക് ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

വെള്ളക്കരം വർദ്ധിപ്പിക്കാതെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

81 (2359) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗാർഹിക-ഗാർഹികേതര ഉപയോഗത്തിനുള്ള വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly